"ഭരണഭാഷ- മാതൃഭാഷ"



**കേരള സർക്കാർ**

**സംഗ്രഹം**

ശാസ്ത്ര സാങ്കേതിക വകുപ്പ്- പാലോട് ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്ക് ഗാർഡൻ & റിസർച്ച് ഇൻസ്റ്റ്യൂട്ടിലെ ഓഫീസ് അസിസ്റ്റന്റ് ആയ ശ്രീമതി.സോഫിയ.ആർ ബഹു.ഹൈക്കോടതി മുൻപാകെ സമർപ്പിച്ച റിട്ട് ഹർജി നമ്പർ 29099/2021 ന്മേലുള്ള വിധിന്യായം നടപ്പാക്കി ഉത്തരവാകുന്നു.

**ശാസ്ത്ര സാങ്കേതിക (എ) വകുപ്പ്**

സ.ഉ.(സാധാ) നം.8/2022/S&TD   തീയതി,തിരുവനന്തപുരം, 15-02-2022

പരാമർശം:-
1. 06/11/2002 തീയതിയിലെ GO(P) No.76/2002/STED നമ്പർ ഉത്തരവ്.
2. 29099/2021 നമ്പർ റിട്ട് ഹർജിയിന്മേലുള്ള 16/12/2021 തീയതിയിലെ ബഹു. ഹൈക്കോടതി വിധി.
3. 13.01.2022- ലെ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ മെമ്പർ സെക്രട്ടറിയുടെ KSCSTE/1227/2021-C1 നമ്പർ കത്ത്.

**ഉത്തരവ്**

ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ഓഫീസ് അസിസ്റ്റന്റ് ഗ്രേഡ് II ആയ ശ്രീമതി സോഫിയ.ആർ സെക്ഷൻ ഓഫീസറായി സ്ഥാനകയറ്റം ആവശ്യപ്പെട്ടുകൊണ്ട് ബഹു ഹൈക്കോടതി മുൻപാകെ WP(C)No.29099/2021 നമ്പർ റിട്ട് ഹർജി സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിട്ട് ഹർജിയിന്മേലുള്ള 16/12/2021 തീയതിയിലെ ബഹു. ഹൈക്കോടതി വിധിയുടെ പ്രസക്ത ഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

" Heard the learned counsel for the petitioner, the learned Government Pleader for R1, the learned standing counsel, the Kerala State Council for Science, Technology and Environment (KSCSTE) for R2 and R3 and the learned standing counsel for Jawaharlal Nehru Tropical Botanical Garden & Research Institute for R4. I am inclined to direct the first respondent to take up, consider and dispose of Exp.P17 on merits, as expeditiously as possible, at any rate, within a period of two months from the date of receipt of a copy of the judgment, after giving a reasonable opportunity of being heard to the petitioner as well as R4, the Jawaharlal Nehru Tropical Botanic Garden & Research Institute, either physically or online.

Writ Petition is disposed of."

2) Exp.P17, ശ്രീമതി സോഫിയ ആർ, സെക്ഷൻ ഓഫീസറായി സ്ഥാനകയറ്റം ആവശ്യപ്പെട്ടുകൊണ്ട് ഇതേ വിഷയത്തിൽ ശാസ്ത്ര സാങ്കേതിക വകുപ്പ് എക്സ് ഒഫിഷ്യോ പ്രിൻസിപ്പൽ സെക്രട്ടറിക്കും, ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ &

റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ഡയറക്ടർക്കും നൽകിയ നിവേദനമാണ്.ഈ വിഷയത്തിന്മേൽ പരാമർശം (3) പ്രകാരം കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ മെമ്പർ സെക്രട്ടറി റിപ്പോർട്ട് നൽകിയിട്ടുണ്ട്. 06/11/2002 തീയതിയിലെ GO(P) No.76/2002/STED നമ്പർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ രൂപീകൃതമാവുകയും പ്രസ്തുത ഉത്തരവിൽ കൗൺസിലുമായി ലയിച്ച ഗവേഷണ വികസന സ്ഥാപനങ്ങൾ Societies Registration Act Section.18 പ്രകാരം സംയോജന നടപടികൾ പൂർത്തീകരിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിരുന്നു . ടി ഉത്തരവിൻ പ്രകാരം അതാത് ഗവേഷണ വികസന സ്ഥാപനങ്ങളുടെ ഗവേർണിംഗ് കൗൺസിലുകൾ സംയോജനം അംഗീകരിക്കുകയും തുടർ നടപടികൾ പൂർത്തിയാക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിരുന്നു. ആയതിൻ പ്രകാരം കൗൺസിലും ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഉൾപ്പെടെയുള്ള എല്ലാ ഗവേഷണ വികസന സ്ഥാപനങ്ങളും ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട് . Societies Act Section.18 പ്രകാരമുള്ള മേൽ നടപടികൾ പൂർത്തീകരിച്ചതായി കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ഗവൺമെന്റിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിനാൽ 2021-ന് മുൻപുള്ള നിയമനങ്ങൾ ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രത്യേക നിയമാവലി പ്രകാരമാണ് നടപ്പിലാക്കേണ്ടത് എന്ന പരാതിക്കാരിയുടെ ആവശ്യം പരിഗണനാർഹമല്ലെന്ന് മെമ്പർ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 49- ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാന പ്രകാരം 20/08/2018- ലെ കൗൺസിൽ (എം) ഉത്തരവ്. 225/2018/ശാ.സാ.പ.കൗൺസിൽ അനുസരിച്ച് കൗൺസിലിലേയും അനുബന്ധ ഗവേഷണ സ്ഥാപനങ്ങളിലേയും സെലക്ഷൻ തസ്തികകൾക്ക് ഏകീകരിച്ച സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി സ്ഥാനക്കയറ്റം നൽകുവാൻ തീരുമാനിച്ചിരുന്നു . അപ്രകാരം സ്ഥാനക്കയറ്റം നൽകുമ്പോൾ ജീവനക്കാർക്ക് കൗൺസിൽ ആസ്ഥാനത്തോ മറ്റേതെങ്കിലും ഗവേഷണ വികസന സ്ഥാപനങ്ങളിൽ ലഭ്യമായ ഒഴിവുകൾ അനുസരിച്ച് നിയമനം നൽകുവാനും തീരുമാനിച്ചിരുന്നു. ഇതനുസരിച്ച് തയ്യാറാക്കിയ ഏകീകൃത ലിസ്റ്റിൽ 26 പേരാണ് ഉൾപ്പെട്ടിരിക്കുന്നത് ആയതിൽ 4 പേർക്ക് മാത്രമേ നിയമനം നൽകുവാൻ സാധിച്ചിട്ടുള്ളൂ ശ്രീമതി.സോഫിയ കൂടി ഉൾപ്പെട്ട ടി റാങ്ക് ലിസ്റ്റിന്റെ കാലാവധി കഴിഞ്ഞിരിക്കുന്നതിനാൽ പുതിയ സെലക്ട് ലിസ്റ്റ് ബഹു.ഹൈക്കോടതി മുൻപാകെ നിലനിൽക്കുന്ന കേസുകൾ തീർപ്പാക്കുന്ന മുറയ്ക്ക് തയ്യാറാക്കുന്നതാണ്. ഓരോ ഗവേഷണ വികസന സ്ഥാപനങ്ങളുടെയും ഗവേർണിംഗ് കൗൺസിലുകൾ 2003- ൽ തന്നെ സംയോജനത്തിന് അംഗീകാരം നൽകിയിട്ടുണ്ട് ആയതിനാൽ അമാൽഗമേഷന് മുൻകാല പ്രാബല്യമില്ല എന്ന ശ്രീമതി.സോഫിയയുടെ വാദം അംഗീകരിക്കാവുന്നതല്ല ആയതിനാൽ ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രത്യേക നിയമാവലി പ്രകാരം സ്ഥാനക്കയറ്റം നൽകി നിയമനം നൽകണമെന്ന ശ്രീമതി.സോഫിയയുടെ ആവശ്യവും നിലവിലെ പരിഷ്കരിച്ച കൗൺസിൽ വ്യവസ്ഥകൾ പ്രകാരം സാധ്യമാകുന്നില്ലെന്നും മെമ്പർ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) 16/12/2021 തീയതിയിലെ ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ശാസ്ത്ര സാങ്കേതിക വകുപ്പ് എക്സ് ഒഫിഷ്യോ പ്രിൻസിപ്പൽ സെക്രട്ടറി, 01/02/2022-ാം തീയതി 3.00 pm ന് ശ്രീമതി സോഫിയ ആർ-നെയും, ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ഡയറക്ടറേയും പട്ടം ശാസ്ത്ര ഭവനിൽവെച്ച് നേരിൽ കേട്ടിരുന്നു.

4)ഹിയറിംഗ് വേളയിൽ പരാതിയിൽ ഉന്നയിച്ച വിഷയങ്ങളിൽ പ്രസക്തമായവ ശ്രീമതി.സോഫിയ വീണ്ടും ഉന്നയിക്കുകയും ആയവ തെളിവുകളുടെ അടിസ്ഥാനത്തിൽ ഉന്നയിച്ചതാണോ എന്ന എക്സ് ഒഫിഷ്യോ പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചോദ്യത്തിന് ആയവ അനുമാനങ്ങൾ മാത്രമാണെന്ന് മറുപടി നൽകുകയും ചെയ്തു. എഴുതി നൽകിയ പരാതിയ്ക്കു പുറമേ മറ്റെന്തെങ്കിലും ബോധിപ്പിക്കുവാൻ ഉണ്ടെങ്കിൽ ആയവ അവതരിപ്പിക്കുവാൻ ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ഡയറക്ടർ ആവശ്യപ്പെട്ടു. എഴുതി നൽകിയ പരാതിയിൽ ഉന്നയിച്ച കാര്യങ്ങളല്ലാതെ പുതുതായി മറ്റൊന്നും ബോധിപ്പിക്കാനില്ലെന്ന് ശ്രീമതി സോഫിയ അറിയിച്ചു.

5)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ഓഫീസ് അസിസ്റ്റന്റ് ഗ്രേഡ് II ആയ ശ്രീമതി സോഫിയ.ആർ സമർപ്പിച്ച അപേക്ഷയിൽ ഉന്നയിച്ച ആവശ്യങ്ങളിന്മേൽ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ മെമ്പർ സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, ടിയാളെ നേരിൽ കേട്ടതിൽ നിന്നും കൗൺസിലിന്റെ ഇപ്പോൾ നിലനിൽക്കുന്ന വ്യവസ്ഥകൾക്കനുസരിച്ച് ശ്രീമതി.സോഫിയയുടെ ആവശ്യങ്ങൾ പരിഗണിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ പ്രസ്തുത അപേക്ഷ നിരസിച്ചുകൊണ്ട് പരാതി തീർപ്പാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

6)ബഹു. ഹൈക്കോടതിയുടെ 16/12/2021 തീയതിയിലെ 29099/2021 നമ്പർ റിട്ട് ഹർജിയിന്മേലുള്ള വിധി ഇതിനാൽ പാലിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രൊഫ.ഡോ.കെ.പി സുധീർ
എക്സ് ഒഫിഷ്യോ പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ.
ഡയറക്ടർ, ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്.
ശ്രീമതി സോഫിയ ആർ, അസിസ്റ്റന്റ് ഗ്രേഡ് II, ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ
ബൊട്ടാണിക് ഗാർഡൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പാലോട്.
വിവര പൊതുജന സമ്പർക്ക വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Manjusha.s**
**Date: 15-02-2022 16:39:35**
സെക്ഷൻ ഓഫീസർ

പകർപ്പ്
ശാസ്ത്ര സാങ്കേതിക വകുപ്പ് എക്സ് ഒഫിഷ്യോ പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്.
ശാസ്ത്ര സാങ്കേതിക വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ- യ്ക്ക്
ശാസ്ത്ര സാങ്കേതിക വകുപ്പ് അണ്ടർ സെക്രട്ടറി -യ്ക്ക്